# സി.എം.എസ്. എച്ച്.എസ്
# തിരുവല്ല



# എഴുത്താണി



# ആശംസകളോടെ............

തിരുവല്ല സി.എം.എസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിൻ "എഴുത്താണി"യ്ക്ക് എല്ലാവിധ ആശംസകളും.....കുട്ടികൾ കണ്ടും കേട്ടും അനുഭവിച്ചും മനസ്സിലാക്കിയ കാര്യങ്ങളെ അവർ എഴുത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നു.എഴുത്തിന്റെ പുതുവഴിയിലേക്ക് കടന്ന് ...ഭാവനയുടെ ചിറകിലേറി ...പുതുസൃഷ്ടികൾ നൽകുവാൻ ഈ ഡിജിറ്റൽ മാഗസിന് ഇടയാകട്ടെ....സ്നേഹാശംസകളോടെ......

ഷാജി കെ. പി.
ഹെഡ് മാസ്റ്റർ

# എഡിറ്റോറിയൽ.....

ഹരിശ്രീയിൽ എഴുത്താരംഭിച്ച് ഡിജിറ്റൽ അക്ഷരങ്ങളിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടറിന്റെ പരിജ്ഞാനമുള്ള തലമുറ ഇന്നിന്റെ ആവശ്യമാണ്.അത് കണ്ടറിഞ്ഞാണ് നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം മുന്നോട്ടു പോകുന്നത്.ആ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മൾ കണ്ടും കേട്ടും വായിച്ചും അറിഞ്ഞ കാര്യങ്ങളെയാണ് ഈ "എഴുത്താണി"യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

തങ്ങളുടെ ചുറ്റുപാടുകളെ അറിയുവാനും മനസിലാക്കുവാനും ഈ സാങ്കേതികവിദ്യയിലൂടെ സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട്.............

ചീഫ് എഡിറ്റർ



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ലിയ ആൻ രാജു

അംഗങ്ങൾ: അലൻമോൻ ത്യാഗരാജൻ
ജോഷ്വാ സ്കറിയ
ലൂധിയ അന്ന രാജൻ
എലോന സന്തോഷ്
ഹിദ ഫാത്തിമ

# താളുകൾ മറിക്കുമ്പോൾ....


| നമ്പർ | എഴുത്തുകൾ | പേജ് നമ്പർ |
|---|---|---|
| 1 | വായിക്കാം | 1 |
| 2 | ചിരിയും ചിന്തയും | 2 |
| 3 | യഥാർത്ഥ കൂട്ടുകാർ | 3 |
| 4 | ഓണവിശേഷം | 4 |
| 5 | രാപ്പാടി പക്ഷി | 5 |
| 6 | കള്ളന്റെ അമ്മ | 6 |
| 7 | ചിക്കൻ കൊതി | 7 |
| 8 | ചെറിയ മാറ്റം | 8 |
| 9 | ഉപ്പുകച്ചവടക്കാരനും കഴുതയും | 9 |
| 10 | മിന്നും താരങ്ങൾ | 10 |
| | | |



സി.എം.എസ്.എച്ച്.എസ് തിരുവല്ല

# വായിക്കാം....

വായന നമ്മുടെ അറിവാണ്..
വായിച്ചില്ലേൽ അറിവില്ല...
അറിവിൻ ദീപം തെളിയട്ടെ..
ഒത്തിരി ഒത്തിരി തെളിയട്ടെ...
കവിതകൾ പാടി പഠിച്ചീടാം..
കഥകൾ കേട്ട് രസിച്ചീടാം...
ആയിരമായിരമറിവുകൾ നേടി...
ഒന്നിച്ചാടി രസിച്ചീടാം...

ജിയാ ജസ്റ്റിൻ തോമസ്
ക്ലാസ്സ്:6

# ചിരിയും ചിന്തയും

സ്ഥിരമായുള്ള യാത്രക്കിടയിൽ ആ വൃദ്ധ എന്നും ബസ് കണ്ടക്ടർക്ക് അണ്ടിപരിപ്പ്,ബദാം തുടങ്ങിയവ നൽകുമായിരുന്നു.......ഒരു ദിവസം....കണ്ടക്ടർ ചോദിച്ചു... നിങ്ങൾ ഒരു നല്ല സ്ത്രീ ആണ് എന്തിനാണ് എനിക്ക് എല്ലാ ദിവസവും ഇതെനിക്ക് തരുന്നത്..നിങ്ങൾക്ക് തനിയെ കഴിച്ചുകൂടെ...?

വൃദ്ധ:എനിക്കിത് കഴിക്കാൻ പറ്റില്ല.എന്റെ വായിൽ പല്ലുകൾ ഒന്നുമില്ല.

കണ്ടക്ടർ:പിന്നെ എന്തിനാണ് നിങ്ങൾ ദിവസവും ഇത് വാങ്ങുന്നത്?

വൃദ്ധ:എനിക്ക് ഇതിനു ചുറ്റുമുള്ള ചോക്ലറ്റ് അലിയിച്ചു തിന്നാൻ വലിയ ഇഷ്ടമാണ്.

എയ്ഞ്ചൽ സാറാ സോണിമോൾ
ക്ലാസ് : 5

# യഥാർത്ഥ കൂട്ടുകാർ

ഒരിടത്ത് രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു.കിട്ടു ആനയും മിട്ടു കുരങ്ങും.മിട്ടു ഒരു സൂത്രക്കാരനായിരുന്നു.ഒരു ദിവസം ഒരു ശിക്കാരി മൃഗങ്ങളെ പിടിക്കുവാൻ പല സ്ഥലത്തും കെണികൾ വച്ചു.ഇതൊന്നും അറിയാതെ കളിച്ചു ചിരിച്ചു നടന്ന കിട്ടു ആ കെണിയിൽ അകപ്പെട്ടു.ശിക്കാരി അവനെ വണ്ടിയിൽ കയറ്റി...അതു കണ്ടുകൊണ്ടു വന്ന തത്തമ്മ വിവരം മിട്ടുവിനെ അറിയിച്ചു.എങ്ങനെയും കിട്ടുവിനെ രക്ഷിച്ചേ പറ്റൂ....മിട്ടു ആലോചിച്ചു...അവന് ഒരു സൂത്രം തോന്നി.അവിടെ കണ്ട ഒരു കുളവിയുടെ കൂട് എടുത്ത് ശിക്കാരിയുടെ അടുത്തേക്ക് എറിഞ്ഞു.കുളവികൾ ശിക്കാരിയെ കുത്തിയോടിച്ചു....മിട്ടു ആ തക്കം നോക്കി കിട്ടുവിനെ രക്ഷിച്ചു.....

മിഥുൻ സി. ലൈജു
ക്ലാസ്:6

# ഓണവിശേഷം

അത്തം പത്തിന തിരുവോണം

മുറ്റം ചെത്തിയൊരുക്കേണം

പത്തായത്തിലെ പുന്നെല്ല്

ചിത്തിര നാളിലെടുക്കേണം

ചോതി പുഴുങ്ങി,വിശാഖമുണക്കി

അനിഴം നാളിൽ കുത്തേണം.

കേട്ടക്കല്ലോ നെട്ടോട്ടം കണ്ടതു കടിയതു വാങ്ങേണം

മൂലം നാളിൽ മുറ്റത്ത് പൂക്കളമിട്ടു നിറയ്ക്കേണം.

പൂരാടത്തിൽ പൊടിപൂരം

ഇടിപൊടി താളത്തുടിമേളം ഇഞ്ചിയുമച്ചാറഞ്ചുവിധം

പൂരാടത്തിനൊരുക്കേണം ഒന്നാമോണമതുത്രാടം

ഉയതിരിഞ്ഞാൽ വെപ്രാളം

വെപ്രാളത്തിലിരുട്ടി വെളുത്താൽ എല്ലാവർക്കും തിരുവോണം.

സമ്പാദനം :സാനിയ ഷിബു

ക്ലാസ് :6

# രാപ്പാടി പക്ഷി



സാന്ദ്ര സുജിത്ത്
ക്ലാസ് : 10

# കള്ളന്റെ അമ്മ

ഒരിടത്തൊരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. ഒരു ദിവസം മകൻ സഹപാഠിയുടെ പെൻസിൽ മോഷ്ടിച്ചു. അമ്മ വഴക്കു പറഞ്ഞില്ല.അടുത്ത തവണ അവൻ മോഷ്ടിച്ചത് അയൽ വീട്ടിൽ നിന്നും ഒരു നാളികേരമായിരുന്നു.അമ്മ അത് കറിയിൽ അരച്ചുചേർത്തു.മകൻ വളർന്നുവന്നപ്പോൾ വില കൂടിയ സാധനങ്ങൾ മോഷ്ടിക്കാൻ തുടങ്ങി.ഒരു ദിവസം കക്കാൻ കയറിയപ്പോൾ തടയാൻ വന്ന വീട്ടുകാരന്റെ തലയ്ക്കടിച്ചു.അയാൾ മരിച്ചു. കള്ളന് വധ ശിക്ഷ ലഭിച്ചു.

തൂക്കിക്കൊല്ലുന്നതിന്റെ തലേ ദിവസം അവസാന ആഗ്രഹം വല്ലതുമുണ്ടോയെന്ന് കള്ളനോട് ചോദിച്ചു.അമ്മയെ കാണണമെന്നാണ് അയാൾ പറഞ്ഞത്. അമ്മ വന്നു. തന്നെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞ അയാൾ കണ്ണീരോടെ ചോദിച്ചു, അമ്മേ,ഞാൻ ആദ്യമായി പെൻസിൽ മോഷ്ടിച്ചപ്പോൾ ഞാൻ ചെയ്ത തെറ്റ് എന്നെ പറഞ്ഞു മനസ്സിലാക്കിയിരുന്നെങ്കിൽ , ഒരു ചെറിയ ശിക്ഷയെങ്കിലും എനിക്കു തന്നിരുന്നുവെങ്കിൽ ഈ കൊലക്കയർ എനിക്ക് ലഭിക്കില്ലായിരുന്നു.

അമ്മയ്ക്ക് മറുപടി ഉണ്ടായിരുന്നില്ല. ചൂടുള്ള കണ്ണീർകണികകളല്ലാതെ....

ലിയ ആൻ രാജു

ക്ലാസ് : 9

# ചിക്കൻ കൊതി

അത്താഴത്തിനു ചിക്കൻ തിന്നാൻ
ഒത്തിരി നാളായി കൊതിയോടെ
കുത്തിയിരുന്നു മടുത്തു കുറുക്കൻ
പമ്മി ചെന്നൊരു വീടെത്തി.
താഴിൽ പൂട്ടിയ കോഴിക്കൂടിൻ
അഴികളിളക്കാൻ നോക്കുമ്പോൾ
കോഴികളെല്ലാം ഒരുമിച്ചുടനെ
ക്രുകി വിളിച്ചു: "കൊക്കൊക്കോ....!"
കതകു തുറന്നു വീട്ടുടമസ്ഥൻ,
വടിയുമെടുത്തു വരുന്നേരം
കൊയുമടക്കി കുറുക്കനയ്യാ,
കുതിച്ചു ചാടി തടിതപ്പി!

അലീന സന്തോഷ്
ക്ലാസ് : 4

## ചെറിയ മാറ്റം

ഗ്രാമത്തിലൂടെ നടക്കാനിറങ്ങിയതാണ് ബില്ലു . അപ്പോഴാണ് അയാൾ ഒരു അപ്പൂപ്പനെ കണ്ടത് . വഴിയിൽ എന്തോ ശ്രദ്ധയോടെ എടുക്കുകയാണ് അപ്പൂപ്പൻ . ബില്ലു അടുത്തുചെന്നുനോക്കി . ഒരു കൊച്ചുപ്പുഴുവിനെയാണ് അപ്പൂപ്പൻ സൂക്ഷിച്ച് ഒരു ഇലയിൽ എടുക്കുന്നത് . എന്നിട്ട് വഴിയരികിലെ കുറ്റിക്കാട്ടിൽ കൊണ്ടുവച്ചു . പുഴു ഇലയിൽനിന്നിറങ്ങി ചെടികൾക്കിടയിൽ മറഞ്ഞു .

"പാവം ... വഴിയിൽ ആരുടെയെങ്കിലും ചവിട്ടുകൊണ്ടു ചാകേണ്ടെന്നു കരുതി ...." ബില്ലുവിന്റെ നോട്ടം കണ്ടപ്പോൾ അപ്പൂപ്പൻ പറഞ്ഞു .ബില്ലുവിനു ചിരി വന്നു . "എന്റെ അപ്പൂപ്പാ , ഈ വഴിയിലും ഇതുപോലുള്ള മറ്റു വഴികളിലുമുള്ള ലക്ഷക്കണക്കിനു പ്രാണികളെ രക്ഷിക്കാൻ നമ്മൾ വിചാരിച്ചാൽ പറ്റുമോ ? ഇതിനെയെല്ലാം രക്ഷിച്ചിട്ട് ലോകത്തിന് എന്തെങ്കിലും മാറ്റം വരുത്താൻ പറ്റുമെന്ന് അപ്പൂപ്പനു തോന്നുന്നുണ്ടോ ?" അപ്പൂപ്പൻ പുഞ്ചിരിയോടെ പറഞ്ഞു : " ലോകത്തിന് ഒരു മാറ്റവും വരില്ല . പക്ഷേ , നമ്മൾ രക്ഷിക്കുന്ന ഓരോ ജീവിക്കും കിട്ടുന്നത് അവരുടെ ലോകം തന്നെയാണ് ! അത് ആ പാവങ്ങളുടെ കാര്യത്തിൽ ഒരു ചെറിയ മാറ്റമാണോ !"

ടാനിയ ആൻ മരിയ
ക്ലാസ് : 8

## ഉപ്പു കച്ചവടക്കാരനും കഴുതയും



പണ്ടുപണ്ട് ഒരു ഉപ്പ് കച്ചവടക്കാരന് ഒരു കഴുത ഉണ്ടായിരുന്നു.മഹാമടിയനായിരുന്നു ഈ കഴുത.ഒരു ദിവസം കച്ചവടക്കാരൻ ഒരു ചാക്കു നിറയെ ഉപ്പു വാങ്ങി കഴുതപ്പുറത്തു വെച്ചു വീട്ടിലേക്കു നടന്നു.പാലം കടക്കുമ്പോൾ കാലിടറി കഴുത വെള്ളത്തിൽ വീണു.വെള്ളത്തിൽ നിന്നും കരകയറി വീട്ടിലേക്കു നടക്കുമ്പോൾ ചാക്കിൻെറ ഭാരം വല്ലാതെ കുറഞ്ഞതായി കഴുതയ്ക്ക് അനുഭവപ്പെട്ടു.കുറെ ഉപ്പ് വെള്ളത്തിൽ അലിഞ്ഞുപോയതായിരുന്നു കാരണം.പിന്നീട് വെള്ളത്തിൽ വീഴൽ കഴുത ഒരു പതിവാക്കി.ഭാരം കുറഞ്ഞാൽ സുഖമായി നടക്കാമല്ലോ.കഴുതയുടെ സൂത്രം മനസ്സിലാക്കിയ കച്ചവടക്കാരൻ കഴുതയെ ഒരു പാഠം പഠിപ്പിക്കുവാൻ തീരുമാനിച്ചു.ഒരു ചാക്കു നിറയെ പഞ്ഞി വാങ്ങി കഴുതപ്പുറത്തു വെച്ചുകെട്ടി.പതിവുപോലെ കഴുത വെള്ളത്തിൽ വീണു.പഞ്ഞി വെള്ളം കുടിച്ചു വീർത്തു.ഭാരം അനേകമടങ്ങ് വർദ്ധിച്ചു.അമിതഭാരം ചുമന്ന് അവശനായാണ് അന്ന് കഴുത വീട്ടിലെത്തിയത്.

ഗുണപാഠം : "മടിയൻ മല ചുമക്കും"

''

സമ്പാദനം : സാഹിത്യ രാജേഷ്
ക്ലാസ് : 7

'

# മിന്നും താരങ്ങൾ....

## ഫിദ ഫാത്തിമ



അറബി പദ്യം ചൊല്ലൽ
സബ്ജില്ലാതലം -ഒന്നാം സ്ഥാനം

## അനിറ്റ് ആർ കെ



ക്ലേ മോഡലിംഗ്
ജില്ലാതലം -A ഗ്രേഡ്

## സ്വാതി സന്തോഷ്



ഫാബ്രിക് പെയിൻറിംഗ്
സബ്ജില്ലാതലം -ഒന്നാം സ്ഥാനം

## ഏബൽ ബേബി



## അലൻമോൻ ത്യാഗരാജൻ

സ്റ്റിൽ മോഡൽ- സബ്ജില്ലാതലം-
രണ്ടാം സ്ഥാനം -സോഷ്യൽ
സയൻസ് മേള
ജില്ലാതലം -A ഗ്രേഡ്



## അശ്വന്ത് എസ്.



കോക്കനട്ട് ഷെൽപ്രൊഡക്റ്റ്സ്
സബ്ജില്ലാതലം-രണ്ടാം സ്ഥാനം

## അഭിലാഷ് എസ് .



കോക്കനട്ട് ഷെൽപ്രൊഡക്റ്റ്സ്
സബ്ജില്ലാതലം-രണ്ടാം സ്ഥാനം

## കടപ്പാട്....

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച
എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും,
അധ്യാപകർക്കും ഒരായിരം നന്ദി.......

ചീഫ് എഡിറ്റർ